**മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ്**
**സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും**

സർക്കുലർ നമ്പർ. 2

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

കോവിഡ് –19 പ്രകാരമുള്ള നിയന്ത്രണങ്ങൾ പാലിച്ച് നമ്മുടെ പള്ളികളിൽ ആരാധനകൾ നിർത്തിവയ്ക്കുന്നതു സംബന്ധിച്ച് അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പോലിത്താ തിരുമേനിയുടെ സർക്കുലർ നമ്പർ 371 പ്രകാരം അറിയിച്ചിരുന്നതനുസരിച്ച് പള്ളികളിലെ ഞായറാഴ്ച ആരാധന നിർത്തിവച്ചിരിക്കുകയായിരുന്നല്ലോ.

ലോക്ഡൗൺ നിയന്ത്രണങ്ങൾക്ക് ഇളവ് വന്നിരിക്കുന്നതിനാൽ നിലവിലുള്ള കോവിഡ് – 19 പ്രോട്ടോക്കോൾ സംബന്ധിച്ച സർക്കാർ നിബന്ധനകൾ കർശനമായി പാലിച്ചുകൊണ്ടും അതത് പ്രാദേശിക മേഖലകളിലെ സർക്കാർ, ആരോഗ്യവിഭാഗങ്ങളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടും അതത് ഭദ്രാസന എപ്പിസ്ക്കോപ്പായുടെ നിയന്ത്രണത്തിനു വിധേയമായും 2020 നവംബർ 1 മുതൽ നമ്മുടെ പള്ളികളിൽ ഞായറാഴ്ച ആരാധനകൾ പുനരാരംഭിക്കാവുന്നതാണെന്ന് 2020 ഒക്ടോബർ 27 നു കൂടിയ എപ്പിസ്ക്കോപ്പൽ സിനഡ് തിരുമാനിച്ച വിവരം അറിയിക്കുന്നു. കോവിഡ് – 19 പ്രകാരമുള്ള സർക്കാർ നിബന്ധനകൾ പാലിക്കുന്നതിന് ഇടവക വികാരിയും ഇടവക ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശുദ്ധ കുർബ്ബാനയിൽ ശുദ്ധീകരിച്ച അപ്പ വീഞ്ഞുകൾ ഇപ്പോൾ നൽകുന്ന രീതി തുടരുന്നതാണ്. എന്നാൽ കോവിഡ് കാലഘട്ടത്തിൻ അപ്പം കൈയിലും വീഞ്ഞ്, ശുചിയാക്കി വീണ്ടും ഉപയോഗിക്കത്തക്കവിധമുള്ള (re-usable) ചെറിയ ഗ്ലാസ് കപ്പുകളിലും ഓരോരുത്തർക്കും നൽകാവുന്നതാണ്.

അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പോലിത്താ തിരുമേനിയുടെ 366–ാം നമ്പർ സർക്കുലർ പ്രകാരം പട്ടക്കാരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളത്തിൽ നിശ്ചിത വിഹിതം ലോക്ഡൗൺ കാലഘട്ടത്തിൽ കുറവു വരുത്തിയിരുന്നല്ലോ. ആയത് 2020 ഒക്ടോബർ 31 വരെ പ്രാബല്യത്തിലിരിക്കുന്നതും 2020 നവംബർ 1 മുതൽ ശമ്പളവും മറ്റ് അലവൻസുകളും പൂർണ്ണമായും നൽകേണ്ടതുമാണ്. ലോക്ഡൗൺ കാലത്ത് കുറവു വരുത്തിയ ശമ്പള വിഹിതം കഴിവതും 2021 മാർച്ച് 31 നു മുമ്പ് നൽകുന്നത് അഭിലഷണീയമാണ്.

ലോകമെമ്പാടും കോവിഡ്–19 മൂലം ഉളവായിരിക്കുന്ന പ്രതിസന്ധികൾക്ക് തക്കതായ വാക്സിൻ കണ്ടുപിടിക്കുന്നതിനും എത്രയും വേഗം ആരോഗ്യകരമായ അവസ്ഥ ഉണ്ടാകുന്നതിനും സർവ്വശക്തനായ കർത്താവ് സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കാം.

കർത്താവ് യേശുമിശിഹായുടെ കൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും ക്രിസ്താബ്ദം 2020 ഒക്ടോബർ മാസം 29–ാം തീയതി

**ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് സഫ്രഗൻ മെത്രാപ്പോലീത്താ**
മെത്രാപ്പോലിത്താ – ഇൻ – ചാർജ്

**FROM THE APOSTOLIC SEE OF MALANKARA**
**DR. GEEVARGHESE MAR THEODOSIUS SUFFRAGAN METROPOLITAN**

Circular No.2

Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority

Beloved in Christ,

The Sunday worship services in our parishes have been suspended as communicated through the Circular No.371 of His Grace Dr. Joseph Mar Thoma Metropolitan regarding the suspension of worship services in our churches in accordance with the Covid-19 restrictions.

In the light of the relaxations made in lock-down restrictions, it is hereby informed that the Episcopal Synod which met on October 27, 2020 decided that Sunday worship services can be resumed in our churches with effect from November 1, 2020, by strictly following the existing Covid-19 protocol regulations of the government, conforming to the directives of the local government and health department and under the supervision of the Diocesan Episcopas. The parish vicars and officials must be vigilant to keep the government norms under the Covid-19 protocol.

The present practice of dispensing consecrated wafer and wine in the Holy Communion could be continued. Yet, during the Covid times, to each participant, wafer can be given in hands and wine served in reusable small glass cups that are washable.

A salary cut was in effect for priests and other staff during the lockdown period in accordance with the Circular No.366 of His Grace Dr. Joseph Mar Thoma Metropolitan. That will be effective until October 31, 2020 and full salary and allowances must be given with effect from November 1, 2020. It is desirable to give the portion of the withheld salary preferably before March 31, 2020.

Let us pray that the Almighty God may help discover an effective vaccine to combat the worldwide Covid-19 crisis and soon evolve a healthy situation.

Grace and Peace of our Lord Jesus Christ be with you all.

Dated 29th of October 2020 from the Poolatheen, Thiruvalla

**Dr. Geevarghese Mar Theodosius Suffragan Metropolitan**
Metropolitan in Charge